**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഹാൻടെക്സ്, ഹാൻവീവ് സ്ഥാപനങ്ങളിലെ വിപണന ശൃംഖല മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | എല്ലാ ഉത്സവ കാലങ്ങളിലും സ്കൂൾ യൂണിഫോം കാലയളവിലും കൈത്തറി തുണിത്തരങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി റിബേറ്റ് നൽകുകയും പ്രത്യേക പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിനായി സർക്കാർ ഗ്രാന്റ് അനുവദിയ്ക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് കൈത്തറി തുണിത്തരങ്ങളുടെ വിപണനശൃംഖല മെച്ചപ്പെടുത്തുന്നതിനായി സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഷോറൂമുകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനും ഫണ്ടുകൾ അനുവദിക്കുന്നുണ്ട്. കൈത്തറി തുണിത്തരങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിപണന ശൃംഖലയായ കെ-ഷോപ്പിയിൽ (K-Shoppe) ഹാന്റക്സിന്റെയും ഹാൻവീവിന്റെയും ഉൽപ്പന്നങ്ങൾ വിതരണത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.സർക്കാർ സ്ഥാപനങ്ങളിലേക്കും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലേക്കും സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ടെണ്ടർ നടപടി ക്രമങ്ങൾ ഇല്ലാതെ ഹാൻവീവിന്റെയും ഹാന്റക്സിന്റെയും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള അനുമതി സർക്കാർ വർഷാവർഷങ്ങളിൽ നൽകുന്നുണ്ട്. കൂടാതെ കൈത്തറി മേഖലയിലെ ഉത്പന്നങ്ങൾക്കു പുറമേ കൈത്തറി ഉത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളായ ലിനൻ മുണ്ട്, കമാൻഡോ ഷർട്ടുകൾ, ലേഡീസ് കുർത്തികൾ, കുട്ടികൾക്കുള്ള വസ്ത്രങ്ങൾ തുടങ്ങിയവയും ഹാന്റക്സ് വിപണിയിൽ ഇറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഹാൻവീവ്, ഹാൻടെക്സ് സ്ഥാപനങ്ങളുടെ വിശദാംശം നൽകാമോ? | (ബി) | തൃശ്ശൂർ ജില്ലയിൽ പള്ളിത്താമോം ഷോപ്പിംഗ് കോംപ്ലക്സ്, പഴയനടക്കാവ്, ഗുരുവായൂർ, കൊടുങ്ങല്ലൂർ, ചാലക്കുടി എന്നിവിടങ്ങളിൽ ഹാൻവീവിന്റെ ഷോറൂം പ്രവർത്തിക്കുന്നു. തൃശ്ശൂർ തിരുവില്വാമലയിൽ ഹാൻവീവിന്റെ തുണി സംഭരണകേന്ദ്രം പ്രവർത്തിക്കുന്നു.<br><br>ഹാന്റക്സിന് തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ ഇ.എസ്.ആർ, തൃശ്ശൂർ നം.I, ചാലക്കുടി ഡിപ്പോ, ഇരിങ്ങാലക്കുട ഡിപ്പോ, കൊടുങ്ങല്ലൂർ ഡിപ്പോ, ഗുരുവായൂർ നം.I & II, ചാവക്കാട് ഡിപ്പോ എന്നിവിടങ്ങളിലായി 8 ഷോറൂമുകൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ